അങ്കമാലി നിയോജകമണ്ഡലത്തിൽ കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ

30(2018) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലും നഗരസഭയിലുമായി എത്രപേർക്ക് കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടെന്നും അതിൽ എത്ര കണക്ഷൻ നിലനില്ക്കുന്നുവെന്നും പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ബി) കൃഷി ആവശ്യത്തിന് വൈദ്യുതി കണക്ഷൻ ലഭിച്ചവരിൽ എത്രപേർ നിലവിൽ കൃഷി ചെയ്യുന്നുവെന്നും ഇവരിൽ എത്രപേർക്ക് നിലവിൽ നിശ്ചിത അളവ് കൃഷിഭൂമിയുണ്ടെന്നും പറയാമോ ;

(സി) കാർഷികാവശ്യത്തിന് വൈദ്യുതി കണക്ഷൻ അനുവദിച്ച കേസ്സുകളിൽ സർക്കാർ വൈദ്യുതി ബോർഡിന് നൽകേണ്ട തുക കുടിശ്ശികയുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അങ്കമാലിയിലെ ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നല്കിയ ഇനത്തിൽ സർക്കാർ കെ.എസ്.ഇ.ബി.-ക്ക് നല്കേണ്ട കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാർഷിക ആവശ്യങ്ങൾക്ക് 4404 വൈദ്യുതി കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇതിൽ 4362 വൈദ്യുതി കണക്ഷനുകൾ നിലനിൽക്കുന്നു. നിലനിൽക്കുന്ന കണക്ഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ക്രമ നമ്പർ	പഞ്ചായത്ത്/നഗരസഭ	എണ്ണം
(1)	(2)	(3)
1	മലയാറ്റൂർ പഞ്ചായത്ത്	459
2	തുറവൂർ "	523
3	കാലടി "	555

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)
4	മഞ്ഞപ്ര പഞ്ചായത്ത്	238
5	അയ്യമ്പുഴ "	1
6	കറുകുറ്റി "	816
7	പാറക്കടവ് "	1021
8	മൂക്കന്നൂർ "	619
9	നെടുമ്പാശ്ശേരി "	42
10	അങ്കമാലി നഗരസഭ	88
	ആകെ	4362

(ബി) കൃഷി ആവശ്യത്തിനു വൈദ്യുതി കണക്ഷൻ എടുത്തിട്ടുള്ള 4362 പേരിൽ ആരുംതന്നെ വൈദ്യുതി ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിശ്ചിത കൃഷിഭൂമി ഉള്ളവർക്ക് മാത്രമാണ് കാർഷിക വൈദ്യുതകണക്ഷൻ അനുവദിക്കുന്നത്.

(സി) ഉണ്ട്.

(ഡി) അങ്കമാലിയിലെ ഗുണഭോക്താക്കൾക്ക് വൈദ്യുതി കണക്ഷൻ നൽകിയ ഇനത്തിൽ 40,22,000 രൂപ സർക്കാർ കെ.എസ്.ഇ.ബി.-ക്ക് നൽകേണ്ടതുണ്ട്.

ഊർജ്ജ സംരക്ഷണം

31(2019) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജസംരക്ഷണ പ്രവർത്തനത്തിന്റെ ഭാഗമായി ഫ്ലൂറസെന്റ്, സി.എഫ്.എൽ., എൽ.ഇ.ഡി. ലൈറ്റുകളുടെ ഉപയോഗം വ്യാപകമാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഉപയോഗശൂന്യമായ ഇത്തരം ഉപകരണങ്ങളുടെ ശേഖരണം, സംസ്കരണം തുടങ്ങിയ കാര്യങ്ങളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly